ഉത്തരം

(എ) ഉണ്ട്. " ദേശിയപാത വികസനവുമായി ബന്ധപ്പെട്ട് ചാലക്കുടി ജി.എച്ച്.എസ്-ന്റെ ഗ്രൗണ്ട് നഷ്ടമായതിന് പകരം നൽകിയ ഗ്രൗണ്ട് മെച്ചപ്പെടുത്തി ഉപയോഗിക്കാമെന്നിരിക്കെ പ്രവർത്തനയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി സ്കൂൾ കോമ്പൗണ്ടിൽ തന്നെ ഗ്രൗണ്ട് പണിയുക എന്ന അപേക്ഷ അംഗീകരിക്കാനാവില്ലായെന്ന് കായിക യുവജനക്ഷേമ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി&സി) ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഐ.എച്ച്.ആർ.ഡി.-യിൽ ശമ്പള വർദ്ധന

86(1149) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2011 നു ശേഷം വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല എന്നതും, എ.ഐ.സി.ടി.ഇ. പ്രകാരമുള്ള ശമ്പളവർദ്ധന നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മുടക്കം കൂടാതെ വാർഷിക ഇൻക്രിമെന്റ് നൽകി വരുന്നുണ്ട്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലിചെയ്യുന്ന എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിൽ ബാധകമാക്കിയ അദ്ധ്യാപകർക്ക് 2012 ജൂലൈ മുതലുള്ള വാർഷിക ഇൻക്രിമെന്റുകൾ നൽകിയിട്ടില്ല. ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലാണ് വാർഷിക ഇൻക്രിമെന്റ് നൽകാത്തത്. എങ്കിലും 2012 ജൂലൈ മുതലുള്ള ഒരു വാർഷിക ഇൻക്രിമെന്റ് അർഹരായവർക്കെല്ലാം നൽകാൻ ഐ.എച്ച്.ആർ.ഡി. തീരുമാനിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ./യു.ജി.സി സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിന്റെ ആനുകൂല്യം തടയപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ ആനുകൂല്യങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിനുള്ള ശുപാർശകൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly